DESPATCHED On..26/12/2020

3/1/20


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 2409*(2)/2018*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12490** /*എസ്.ഐ.സി-ജി 6/18)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഉണ്ണികൃഷ്ണൻ പി.,
വൈശാഖ്, മാപ്രാണം,
മാടായിക്കോണം പി.ഒ.,
തൃശ്ശൂർ.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),
സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി.),
സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം – 695 014.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.04.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.05.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.06.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.10.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 03.11.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീൽ അധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.ഉണ്ണികൃഷ്ണൻ, 28.10.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 03.11.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2409(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് അപൂർണ്ണവും തെറ്റായ വിവരങ്ങളുമാണ് നൽകിയതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ആകയാൽ ഉചിതമായ നടപടികൾ സ്വീകരിച്ച് ടിയാന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 16.04.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ് സ്റ്റാഫ് സഹകരണസംഘം ലി.നം.777ൽ നടന്ന പണാപഹരണവും ക്രമക്കേടും സംബന്ധിച്ച് സഹകരണ വകുപ്പ് നടത്തിയ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് സ്വീകരിച്ച വകുപ്പുതല നടപടിയെക്കുറിച്ച് 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 09.05.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 10.05.2019ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിൽ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടി ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ആയതിന് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തുവെന്നും ടി ഓഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന് മറുപടി

നൽകിയിരുന്നുവെന്നുമാണ്. ആയതിൽ രേഖകളുടെ പകർപ്പിനായി 18/- രൂപ ചെലാൻ ഒടുക്കി രസീത് ഹാജരാക്കാൻ ആവശ്യപ്പെട്ടതുപ്രകാരം ടിയാൻ ഹാജരാക്കുകയും പകർപ്പുകൾ നൽകിയെന്നുമാണ്. തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് നടപടി സ്വീകരിച്ച് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 30.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ ഒന്നാം അപ്പീൽ സമയബന്ധിതമായി തീർപ്പാക്കിയിട്ടില്ല എന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്കു മറുപടി നൽകിയിട്ടുണ്ടെന്നും ഫീസൊടുക്കാൻ കത്തു നൽകിയതു പ്രകാരം ടിയാൻ ഫീസൊടുക്കുകയും പകർപ്പുകൾ നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ 28.06.2018ലെ ഒന്നാം അപ്പീൽ തീർപ്പാക്കിയിരിക്കുന്നത് 10.05.2019നാണെന്നു കാണുന്നു. അതായത് ഏകദേശം ഒരു വർഷത്തിനു ശേഷം. ആയത് വിവരാവകാശ നിയമപ്രകാരം ഗുരുതരമായ വീഴ്ചയും വിവരാവകാശ നിയമത്തിലെ 19(6) വകുപ്പിന്റെ ലംഘനവുമാണ്. ആയതിനാൽ ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ വിശദീകരണം നൽകേണ്ടതാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 03-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

Ge/

STATE INFORMATION COMMISSION THIRUVANANTHAPURAM